DESPATCHED
On.. 08/06/2016
17-3-20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.462*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.**1451/*എസ്.ഐ.സി-ജി 6/18***

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. അഷ്റഫ്,
മൂലയിൽ വീട്, തട്ടാമല
പന്ത്രണ്ട് മുറി നഗർ.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ**

2. **അപ്പീൽ അധികാരി,
എക്സിക്യൂട്ടീവ് എഞ്ചിനീയർ
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.10.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.11.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 05.12.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 03.01.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.02.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.02.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21.08.2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22.09.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 09.10.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ടിയാന്റെ വീടിന് കിഴക്ക് വശത്ത് താമസിക്കുന്ന ജവഹർ സാദിഖിന്റെ ഉടമസ്ഥതയിലുള്ള പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സ്കെച്ച് (Building permission Plan) നൽകണമെന്നാണ്.
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 08.11.2017 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ മൂന്നാം കക്ഷിയിൽ നിന്നുള്ള വിവരങ്ങളായതിനാലും ടി വിവരങ്ങൾ വ്യക്തിഗതമായതിനാലും, ടി രേഖകൾ നൽകുന്നതിന് ജവഹർ സാദിഖ് എതിർത്ത് കത്ത് നൽകിയതിനാലും, മറുപടി നൽകാൻ കഴിയില്ലെന്നാണ്.
4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 05.12.2017 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നും കോർപ്പറേഷനിൽ, ടിയാൻ ചെയ്യുന്ന അനധികൃത നിർമ്മാണത്തിനെതിരെ പരാതി നൽകിയതിൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടെന്നും, ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.
5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 03.01.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, എസ്.പി.ഐ.ഒ നൽകിയ മറുപടിക്കെതിരെയാണ് ഹർജിക്കാരൻ പരാതി നൽകിയതെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ അന്വേഷണം നടത്തിയതിൽ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തിഗതവിവരവുമായി നേരിട്ട് ബാധിക്കുന്നതുമാകയാൽ എസ്.പി.ഐ.ഒ നൽകിയ മറുപടി സ്ഥിരപ്പെടുത്തി അപ്പീൽ തീർപ്പാക്കുന്നുവെന്നാണ്.
6. രണ്ടാം എതിർകക്ഷി 27.09.2018 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടത് ശ്രീ.ജവഹർ സാദിക്ക് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ സ്കെച്ച് ആണെന്നും, ടി വിവരം നൽകുന്നതിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് അറിയിക്കണമെന്ന് ശ്രീ.ജവഹർ സാദിക്കിനെ അറിയിക്കുകയും, ടിയാന്റെയും കുടുംബത്തിന്റെയും സ്വകാര്യതയെ ചോദ്യം ചെയ്തു കൊണ്ടുള്ളതായതിനാൽ നൽകരുതെന്ന് മറുപടി

ലഭിക്കുകയും, ആയതിനാൽ നൽകാനാവില്ലെന്ന് എസ്.പി.ഐ.ഒ മറുപടി നൽകുകയും ചെയ്തു. ഹർജിക്കാരൻ ഇതിനെതിരെ അപ്പീലിന് പോകുകയും, എസ്.പി.ഐ.ഒയുടെ മൊഴി അംഗീകരിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നും മറ്റുമാണ്.

7. 24.08.2019 ന് ഹിയറിംഗിന് ഹാജരാകാത്തതിനാൽ 28.10.2019 ന് കമ്മീഷൻ മുമ്പാകെ ഹാജരായി വിശദീകരണം ബോധിപ്പിക്കാൻ എസ്.പി.ഐ.ഒയ്ക്ക് ഷോക്കോസ് നൽകുകയും ടിയാൻ ഹാജരാകുകയും, വരാത്തതിന് കാരണം ബോധ്യപ്പെടുത്തുകയും, കമ്മീഷൻ അത് അംഗീകരിക്കുകയും ചെയ്തു.

8. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് 3-ാം കക്ഷിയിൽ നിന്നുള്ളതുമായതിനാലും ടിയാന്റെയും കുടുംബത്തിന്റെയും സ്വകാര്യതയെ ചോദ്യം ചെയ്തു കൊണ്ടുള്ളതായതിനാലും, ടിയാന് ടി വിവരങ്ങൾ നൽകുന്നതിൽ എതിർപ്പുള്ളതിനാലും, വിവരങ്ങൾ നൽകാനാവില്ലെന്ന എസ്.പി.ഐ.ഒ യുടെ മൊഴി കമ്മീഷൻ അംഗീകരിക്കുന്നു. ആയതിനാൽ ടി വിവരങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു റിപ്പോർട്ട് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res